# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.3218/2014/എൻ.എസ്- 2

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
23/03/2023


## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വങ്ങളിൽ ഉപദേശകസമിതിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. 30/11/2011-ലെ ROC.1809/09/NS നമ്പർ പ്രകാരം പുറപ്പെടുവിച്ച ബൈല.
2. 09/04/2021-ലെ WP©.5855/2021 നമ്പർ കേസിലെ ബഹു:ഹൈക്കോടതിയുടെ വിധിന്യായം.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ഉപദേശകസമിതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് സൂചന(1)-ലെ വിജ്ഞാപനത്തിലെ നിബന്ധന (11) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഉപദേശകസമിതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനായുള്ള അപേക്ഷകൾ പരിശോധിക്കുമ്പോൾ സൂക്ഷ്മമായും പരിശോധിക്കേണ്ട വസ്തുതകളെ സംബന്ധിച്ച് സൂചന (2)-ലെ കോടതിവിധി പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. എന്നാൽ, കാലാവധി ദീർഘിപ്പിക്കണമെന്ന് കാണിച്ച് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ അയയ്ക്കുന്ന ഉപദേശകസമിതികളുടെ അപേക്ഷകൾ സൂചന(2) ലെ കോടതിവിധിയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മപരിശോധയ്ക്ക് വിധേയമാക്കുന്നതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ, ഉപദേശകസമിതിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്ന അപേക്ഷകൾ പരിശോധിക്കുമ്പോൾ ചുവടെപ്പറയുന്ന വസ്തുതകൾ കൂടി സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയ ശേഷമേ ദേവസ്വം കമ്മീഷണർ ആഫീസിലേയ്ക്ക് അയയ്ക്കാവൂ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നു.

1. കാലാവധി ദീർഘിപ്പിക്കുവാൻ അപേക്ഷിച്ചിട്ടുള്ള ഉപദേശകസമിതിയുടെ കാലയളവിൽ ആരംഭിച്ചതും എന്നാൽ തുടർന്ന് വരുന്നതുമായ ക്ഷേത്ര വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ട സന്ദർഭത്തിൽ,
2. ഒഴിവാക്കാനാകാത്ത ആചാരങ്ങളോ / ഉത്സവങ്ങളോ ക്ഷേത്രത്തിൽ അടിയന്തിരമായി നടപ്പാക്കേണ്ടതായുണ്ടെങ്കിൽ

(മറുപുറം..)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യങ്ങൾ സൂക്ഷ്മമായി പരിശോധിക്കാതെ പ്രസ്തുത അപേക്ഷകൾ ദേവസ്വം കമ്മീഷണർ ആഫീസിലേയ്ക്ക് കൈമാറിയാൽ കോടതിവിധിയുടെ ലംഘനമായി കണ്ട് കർശന അച്ചടക്കനടപടി സ്വീകരിക്കുന്നതായിരിക്കും.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. ബന്ധപ്പെട്ട എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ.

AR.23/03